# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 740** 07/02/2013 ൽ മറുപടിക്ക്

**കാൻസർ രോഗ ബാധിതർ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.ഡി. സതീശൻ | വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
| --- | --- | --- | --- |
| (എ) | കാൻസർ രോഗികളുടെ എണ്ണം വളരെ ഉയർന്ന തോതിൽ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയതിന് കാരണം എന്താണെന്നതു സംബന്ധിച്ച് വിശദമായ പഠനം നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) | ഇല്ല. |
| (സി) | കാൻസർ രോഗം വ്യാപിക്കുന്നത് നിയന്ത്രിക്കുന്നതിനായി എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പ്രചാരണ പരിപാടികളാണ് സർക്കാർ നടത്തുന്നതെന്ന് വ്യക്തമാക്കുമോ : | (സി) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന്റേയും തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിന്റേയും ആഭിമുഖ്യത്തിൽ കേരളത്തിലുടനീളം മുൻകൂർ കാൻസർ നിർണ്ണയ ക്യാമ്പുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. സ്കൂൾ കോളേജ് തലങ്ങളിലും കാൻസർ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ട്രെയിനിംഗ് പ്രോഗ്രാമുകൾ ആർ.സി.സി-യുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ദൂരദർശന്റെ ആരോഗ്യഭാരതം പരിപാടിയിൽ കാൻസറിനെ സംബന്ധിച്ചുള്ള ഫോൺ ഇൻ പ്രോഗ്രാം വഴി ആർ.സി.സി-യിലെ വിദഗ്ധ ഡോക്ടർമാർ പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നുണ്ട്. പുകയില വിരുദ്ധ പ്രചരണം നടത്തുന്നതിന്റെ ഭാഗമായി ആർ.സി.സി.യിൽ ഒരു പുകയില |

| | | | |
|---|---|---|---|
| | | | നിർമ്മാർജ്ജന ക്ലിനിക് നടത്തി വരുന്നുണ്ട്. മലബാർ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ മലബാർ മേഖലയിലെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളിൽ ടെലിമെഡിസിൻ വഴിയുള്ള ചികിൽസാ പദ്ധതികളും ആരോഗ്യ തുടർ വിദ്യാഭ്യാസ പരിപാടികളും നടത്തി വരുന്നു. |
| (ഡി) | ഇത് ഫലപ്രദമായോ, ഇല്ലയോ എന്നതു സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (ഡി) | പ്രചാരണങ്ങൾ/ബോധവൽക്കരണ ക്ലാസ്സുകൾ ഫലപ്രദമായോ ഇല്ലയോ എന്നത് പഠന വിഷയമാക്കിയിട്ടില്ല. എന്നാൽ ഗർഭാശയഗള കാൻസർ രോഗികളുടെ എണ്ണത്തിൽ വ്യക്തമായ കുറവ് രേഖപ്പെടുത്തി കാണുന്നു. പുകവലി ശീലമാക്കിയവരുടെ എണ്ണവും വളരെയധികം കുറഞ്ഞതായി കാണുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| | |
|---|---|
| ഏതെല്ലാം മരുന്നുകൾ സംസ്ഥാനത്ത് വിൽക്കുന്നുവെന്നും ഏതെല്ലാം | മരുന്നുകൾ നിലവിലു ണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പരിശോധനാ വേളകളിൽ, |